അദ്ധ്യായം - 6

# കുടുംബത്തിലെ അമ്മമാർ

വേങ്കടത്ത് കുടുംബത്തിലെ പുരുഷന്മാർ സാമൂഹിക രംഗങ്ങളിൽ പ്രവർത്തിക്കുമ്പോൾ, അവർക്കു താങ്ങും തണലുമായി നിന്നിരുന്നത് സ്ത്രീകളാണ്. അവർ കുടുംബഭദ്രത കാത്തു സൂക്ഷിക്കുന്നതിൽ ഏറെ കരുതലുള്ളവരായിരുന്നു. വേങ്കടത്തെ അമ്മമാരെ നാട്ടുകാർ ഏറെ ബഹുമാനിക്കുകയും, സ്നേഹിക്കുകയും ചെയ്തിരുന്നു. ഇതിനുള്ള പ്രധാന കാരണം സാധുക്കളെയും, കർഷകതൊഴിലാളികളെയും ധാരാളമായി സഹായിച്ചിരുന്നു എന്നുള്ളതാണ്. നാടെങ്ങും ഉച്ചനീചത്വങ്ങൾ നടമാടുമ്പോൾ എല്ലാവരേയും ഒരു പോലെ കാണുവാൻ അവർക്ക് സാധിച്ചിരുന്നു. അതു മാത്രമല്ല അവർ അത് സ്വന്തം കുട്ടികളെ പഠിപ്പിക്കുകയും ചെയ്തു. മക്കളേയും കൊച്ചുമക്കളേയും വളരെയേറെ സ്നേഹിച്ചിരുന്ന അമ്മമാർ അവരെ കുടുംബത്തിന്റെ ആഭിജാത്യത്തിലും, സ്നേഹത്തിലും വിശ്വാസത്തിലും വളർത്തി. മക്കൾക്കും കൊച്ചുമക്കൾക്കും അവരുടെ സ്നേഹം അനുഭവിച്ചറിയാൻ സാധി

ച്ചിരുന്നതുകൊണ്ട് അവർ തിരിച്ചും അതുപോലെ സ്നേഹിച്ചു. കുടുംബത്തിലെ പെൺകുട്ടികൾ അമ്മമാരുടെ ശരിയായ ശിക്ഷണത്തിൽ വളർന്നതുകൊണ്ട്, ഭർത്തൃവീടുകളിൽ അവർ പ്രിയങ്കരികളായി മാറി. വിവാഹം കഴിച്ച് പോയ സ്ത്രീകളുടെ മരണശേഷം രണ്ടും മൂന്നും തലമുറകൾ കഴിഞ്ഞാലും ഭർത്തൃവീട്ടുകാർ വേങ്കടത്തു കുടുംബവുമായുള്ള ബന്ധം തുടരുന്നു എന്നുള്ളത് ഇതിനുള്ള പ്രത്യക്ഷ തെളിവാണ്.

വേങ്കടത്തെ അമ്മമാരുടെ അതിഥിസത്കാരങ്ങൾ ഏറെ പ്രസിദ്ധമാണ്. ഓരോ അമ്മമാർക്കും തങ്ങളുടേതായ ചില പ്രത്യക ആഹാരപദാർത്ഥങ്ങൾ ഉണ്ടാക്കാനും അതിഥികൾക്ക് നല്കി സന്തോഷിപ്പിക്കാനും പ്രത്യേക താല്പര്യമുണ്ടായിരുന്നു. പല വീടുകളും പലരുടേയും ഓർമ്മയിൽ ഭക്ഷണപദാർത്ഥത്തിന്റെ (ഉദാ: പുഴുക്ക്, ചുരുട്ട്, കൊഴുക്കുട്ട) പേരിലാണ് നിലനില്ക്കുന്നത് പോലും.

സ്തീ സമത്വത്തിന്റേയും വനിതാ വിമോചനത്തിന്റേയും കാഴ്ചപ്പാടുകളുമായി ഇന്നത്തെ രീതിയിലുള്ള പ്രസ്ഥാനങ്ങൾ ഉണ്ടാക്കുന്നതിന് നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ വേങ്കടത്തെ സ്ത്രീകൾക്ക് കുടുംബത്തിൽ സുപ്രധാന സ്ഥാനം അലങ്കരിക്കാനായി. ഓരോ വീട്ടിലെയും ഐശ്വര്യത്തിന്റേയും സമാധാനത്തിന്റേയും കേന്ദ്രബിന്ദുവായി അവർ വർത്തിച്ചു. ഇന്നും ആ നില തുടർന്ന് വരുന്നു. സമൂഹത്തിന്റെ വിവിധ മേഖലകളിൽ പ്രശസ്തമായ രീതിയിൽ പ്രവർത്തിച്ച് വരുന്ന പുരുഷൻമാർക്ക് പിന്നിൽ

അമ്മമാരുടേയും ഭാര്യമാരുടെയും സജീവ സാന്നിധ്യമുണ്ട്. ഓരോ കുടുംബത്തിന്റേയും വിളക്കായി അവർ പരിലസിക്കുന്നു.

വേങ്കടത്ത് കുടുംബത്തിന് സമൂഹത്തിലുള്ള യശസ്സും കീർത്തിയും നില നിർത്തുന്നതിൽ നമ്മുടെ അമ്മമാർക്കുള്ള പങ്ക് ഒരിക്കലും വിസ്മരിക്കാവുന്നതല്ല.

◆